**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത **11.11.2019 ൽ**

നിയമസഭാ ചോദ്യം നമ്പർ : **3784** **മറുപടിയ്ക്ക്**

**ജീർണ്ണാവസ്ഥയിലായ കറുകച്ചാൽ പോലീസ് ക്വാർട്ടേഴ്സുകൾ**

| ചോദ്യം | മറുപടി |
| --- | --- |
| ഡോ.എൻ.ജയരാജ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കറുകച്ചാൽ പോലീസ് സ്റ്റേഷൻ പരിസരത്തെ ക്വാർട്ടേഴ്സുകൾ കാടുകയറി നശിച്ചുകിടക്കുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (എ) 5 ക്വാർട്ടേഴ്സുകൾ അറ്റകുറ്റപണികൾ ചെയ്യാനും ബാക്കി ലേലം ചെയ്ത് പൊളിച്ചു മാറ്റാനും പൊതുമരാമത്ത് വകുപ്പിന് പോലീസ് മേധാവി കത്ത് നൽകിയിട്ടുണ്ട്. |
| (ബി) നശിച്ച ക്വാർട്ടേഴ്സുകൾ ലേലം ചെയ്ത് മാറ്റുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; സർവേ റിപ്പോർട്ട് തയ്യാറാക്കാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടത് എന്നാണ്; പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; വ്യക്തമാക്കാമോ; | (ബി) നശിച്ച ക്വാർട്ടേഴ്സുകൾ ലേലം ചെയ്യുന്നതിന് ചങ്ങനാശ്ശേരി പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എൻജിനീയർക്ക് 26.08.2018, 26.09.2019 എന്നീ തീയതികളിൽ സംസ്ഥാന പോലീസ് മേധാവി കത്ത് അയച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത സ്ഥലം പ്രയോജന പ്പെടുത്തി ഫ്ലാറ്റ് ടൈപ്പ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് 30-11-18 ൽ കെ.പി.എച്ച്.സി.സി എം.ഡി.ക്ക് നൽകിയ കത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) കറുകച്ചാലിൽ പുതിയ ഫ്ലാറ്റ് ടൈപ്പ് ക്വാർട്ടേഴ്സ് നിർമ്മിക്കുവാൻ കെ.പി.എച്ച്.സി.സി, എം.ഡി ക്ക് കത്ത് അയച്ചിരുന്നുവെങ്കിലും 10.12.2018 ൽ ജില്ലാ പോലീസ് മേധാവിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗ ത്തിന്റെ മിനിട്ട്സ് പ്രകാരം ടി സ്ഥലത്ത് ക്വാർട്ടേഴ്സിന്റെ ഡിമാന്റ് കുറവായതിനാൽ ആയത് |

ആവശ്യമില്ല എന്ന് തീരുമാനമെടുത്തിട്ടുള്ളതാണ്. എന്നാൽ കിഫ്ബി പ്രകാരം ടി സ്ഥലത്ത് പരേഡ് ഗ്രൗണ്ടും, ഫ്ളാറ്റ് ടൈപ്പ് ക്വാർട്ടേഴ്സും നിർമ്മിക്കുവാൻ ആവശ്യമായ പ്രപ്പോസൽ തയ്യാറാക്കി തരുവാൻ 22.08.2019 തീയതിയിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം ചങ്ങനാശ്ശേരി അസിസ്റ്റന്റ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഫ്ലാറ്റ് മാതൃകയിൽ ക്വാർട്ടേഴ്സും ബാക്കിയുള്ള സ്ഥലത്ത് പോലീസ് പരേഡ് ഗ്രൗണ്ടിനും അനുമതി ലഭിക്കുന്നില്ലായെങ്കിൽ പ്രസ്തുത സ്ഥലം മറ്റ് വകുപ്പുകൾക്ക് വിട്ടുകൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ, വ്യക്തമാക്കാമോ?

(ഡി) ഫ്ലാറ്റ് ടൈപ്പ് ക്വാർട്ടേഴ്സ് നിർമ്മാണം അത്യാവശ്യമായതിനാലും, ചങ്ങനാശ്ശേരി സബ് ഡിവിഷനിലെ പോലീസ് സ്റ്റേഷനിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിന് ടി സ്ഥലം ഉപയോഗിക്കുവാൻ ആലോചിക്കുന്നതിനാലും, പോലീസ് നവീകരണത്തിനായി പുതിയ പദ്ധതി നടപ്പിലാക്കി വരുന്നതിനാലും, കിഫ്ബി പദ്ധതി പ്രകാരം ഉള്ള ഫ്ലാറ്റ് ടൈപ്പ് ക്വാർട്ടേഴ്സ്, പരേഡ് ഗ്രൗണ്ട് എന്നിവ ലഭിച്ചില്ലായെങ്കിലും മറ്റ് വകുപ്പുകൾക്ക് ടി ഭൂമി വിട്ടു നൽകുവാൻ കഴിയാത്ത അവസ്ഥയാണ് ഉള്ളത്.

സെക്ഷൻ ഓഫീസർ